(ഡി) ഈ സാമ്പത്തികവർഷം പുതുതായി, പാലക്കാട് ജില്ലയിലെ മേനോൻപാറയിൽ ഒരു ചില്ലറ വിൽപ്പനശാല ആരംഭിച്ചിട്ടുണ്ട്. ഇനി എത്രയെണ്ണം ആരംഭിക്കുമെന്ന് ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല.

(ഇ) എഫ്.എൽ. 2 ലൈസൻസ്, ഇപ്പോൾ വിദേശമദ്യ ചട്ടപ്രകാരം നിലവിലില്ല.

ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ

110 (4166) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്കാണ് ജോലി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ചാരായ തൊഴിലാളികളുടെ ആശ്രിതരായ 215 പേർക്ക് ബിവറേജസ് കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകുകയും അതിൽ 184 പേർ ഇതിനകം ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

വിഷമദ്യ ദുരന്തം

111 (4167) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര വിഷമദ്യ ദുരന്തകേസ്സുകളാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത് ;

(ബി) ഈ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര വ്യാജമദ്യ ദുരന്ത കേസുകളാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത് ;

(ഡി) ഈ കേസ്സുകളുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ഒരു വിഷമദ്യ ദുരന്തകേസ്സാണ് ഉണ്ടായിട്ടുള്ളത്.

(ബി) കോടതി വിധി പ്രകാരം ഈ കേസ്സിലെ പ്രതികൾക്ക് ജീവപര്യന്തം ശിക്ഷ ലഭിക്കുകയും, അവർ ഇപ്പോൾ ജയിൽവാസം അനുഭവിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly